പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 742 29.09.2016 – ൽ മറുപടിക്ക്

# സർക്കാർ റോഡുകളിലെ കൈയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ടി. തോമസ് : | ശ്രീ. ജി. സുധാകരൻ |
| ശ്രീ. വി. ടി. ബൽറാം : | (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) ദേശീയപാതയും സംസ്ഥാന-പാതയുമുൾപ്പെടെയുള്ള സർക്കാർ റോഡുകൾ സ്വകാര്യവ്യക്തികൾ കൈയ്യേറി അവരുടെ സാധന സാമഗ്രികൾ സൂക്ഷിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ സാധനസാമഗ്രികൾ സൂക്ഷിച്ചിരിക്കുന്നത് കാരണം കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

(എ), (ബി) & (സി) സംസ്ഥാനത്തെ ദേശീയ പാത-കളുടെയും സംസ്ഥാന പാത-കളുടെയും വിവിധ ഭാഗങ്ങളിൽ നടപ്പാതകളും റോഡിന്റെ വശങ്ങളും സ്വകാര്യ വ്യക്തികൾ കൈയ്യേറി അവരുടെ സാധന സാമഗ്രികൾ സൂക്ഷിക്കുന്നതായും. ഇതുമൂലം കാൽനട യാത്രക്കാർക്ക് ഒരു പരിധിവരെ ബുദ്ധിമുട്ടുണ്ടാകു-ന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് തന്നെ കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും സ്വമേധയാ ഒഴിയാൻ തയ്യാറാകാത്തവരെ റവന്യൂ, പോലീസ് അധികാരികൾ എന്നിവരുടെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി കേരളാ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി സർക്കാർ ഉത്തരവ് (കൈ) നമ്പർ. 63/16/പൊ.മ.വ തീയതി 03.09.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇതാദ്യമായാണ് നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നത്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാദ്ധ്യമാക്കുന്നതിനും സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999 – ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആക്കി പ്രഖ്യാപിച്ച സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ. എച്ച് - ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൻ. എച്ച്) - നേയും സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ & ബി) - യേയും 1999 – ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ പൊതു-

മരാമത്ത് വകുപ്പ് റോഡുകളിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്താനും അവ ഒഴിപ്പിക്കാനും എഞ്ചിനീയർമാരുടെ റോഡു പരിശോധന കൃത്യമായി നടത്തു-ന്നതിനുമുള്ള നിർദ്ദേശവും സർക്കാർ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ